# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3587**

**10-04-2013 ൽ മറുപടിയ്ക്ക്**

## നീർത്തട പദ്ധതി

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.ബെന്നി ബെഹനാൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | നീർത്തട പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | തത്സ്ഥല ജലപരിപാലനത്തിന് ഊന്നൽ നൽകികൊണ്ട് ശാസ്ത്രീയമായ മണ്ണുജല സംരക്ഷണ പ്രവർത്തനം വഴി ഒരു പ്രദേശത്തിന്റെ സമഗ്രമായ വികസനം കൈവരിക്കുക എന്നതാണ് നീർത്തട പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യം. മണ്ണൊലിപ്പ് തടയുക, നീരൊഴുക്ക് ക്രമീകരിച്ച് ഭൂക്ഷമത വർദ്ധിപ്പിക്കുക, കാർഷിക ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക തുടങ്ങിയവയും നീർത്തട പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. |
| (ബി) | എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നതെന്ന് വിശദമാക്കുമോ; | (ബി) | മണ്ണൊലിപ്പിന്റെ രൂക്ഷത കണക്കിലെടുത്ത് മുൻഗണനാക്രമത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന നീർത്തടങ്ങളിൽ വിവിധ സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തിയ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങളാണ് സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നത്. വിവിധ പദ്ധതികളിലായി നടപ്പിലാക്കുന്ന നീർത്തട പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പദ്ധതിക്കുവേണ്ട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) യും (ഡി) യും | മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല. എന്നാൽ ഓരോ ജില്ലയിലേയും മണ്ണൊലിപ്പിന്റെ രൂക്ഷത കണക്കിലെടുത്ത് മുൻഗണനാക്രമത്തിൽ തയ്യാറാക്കുന്ന നീർത്തട പദ്ധതികൾ സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി)) | മാസ്റ്റർ പ്ലാൻ തയ്യാറാക്കി സംസ്ഥാനത്തെ എല്ലാ ചെറുകിട നാമമാത്ര കർഷകരുടെയും ഭൂമി കൃഷിയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്